ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി

143 (6848) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം നവീകരിക്കാനുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഇതുവരെ എത്ര കുളങ്ങൾ നവീകരിച്ചെന്നും 2011-12, 2012-13 വർഷങ്ങളിൽ ഇതിനായി എത്ര തുക ചെലവഴിച്ചെന്നും അറിയിക്കുമോ ;

(സി) പ്രസ്തുത പദ്ധതിക്കായി ഈ വർഷം എന്തുതുക നീക്കി വച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ&ബി) 2012-13-ൽ ഒരു പഞ്ചായത്തിൽ 'ഒരു കുളം' പദ്ധതിയിൽ ഉൾപ്പെടുത്തി 354 കുളങ്ങൾ നവീകരിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 30 കുളങ്ങൾ നവീകരിച്ചു. ബാക്കിയുള്ളവയുടെ പ്രവൃത്തികൾ പുരോഗതിയിലാണ്. 2011-12-ൽ പ്രസ്തുത പദ്ധതി നിലവിലുണ്ടായിരുന്നില്ല.

(സി) പ്രസ്തുത പദ്ധതിക്കായി ഈ വർഷം തുക യൊന്നും വകയിരുത്തിയിട്ടില്ല.

കരുനാഗപ്പള്ളി മണ്ഡലത്തിലെ ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി

144 (6849) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരുനാഗപ്പള്ളി മണ്ഡലത്തിൽ 'ഒരു പഞ്ചായത്തിൽ ഒരുകുളം' പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം കുളങ്ങളാണ് പുനരുദ്ധാരണം നടത്തിയത് ;

(ബി) ഓരോ കുളത്തിനും ചെലവായ തുക എത്രയാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ&ബി) കരുനാഗപ്പള്ളി മണ്ഡലത്തിൽ 'ഒരു പഞ്ചായത്തിൽ ഒരു കുളം' പദ്ധതിയിലുൾപ്പെടുത്തി ചുവടെ കൊടുക്കുന്ന 4 കുളങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികൾ നടന്നുവരുന്നു. ഇതിനായി ഇതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly